## കേരള കാർഷിക സർവ്വകലാശാല

## കാർഷിക വിജ്ഞാന വിപണന കേന്ദ്രം, വേങ്ങേരി, കോഴിക്കോട്

നമ്പർ: AISC-160/2025

തിയതി : 08/01/2026

### ക്വട്ടേഷൻ നോട്ടീസ്

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കാർഷിക വിജ്ഞാന വിപണന കേന്ദ്രം, വേങ്ങേരിയിൽ 10/02/2026 മുതൽ 09/02/2027 വരെ ഓഫീസ് നിർദ്ദേശാനുസരണം ദിവസക്കൂലി നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി വിവിധ ജോലികൾ ചെയ്തു നൽകുന്നതിനായി താല്പര്യമുള്ള കക്ഷികളിൽ നിന്നോ സ്വയം സഹായ സംഘങ്ങളിൽ നിന്നോ ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ജോലികളുടെ സ്വഭാവവും ക്വട്ടേഷൻ നിബന്ധനകളും താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ജോലിയുടെ സ്വഭാവം |
|---|---|
| 1 | ഓഫീസ്, ഓഫീസ് പരിസരം ശുചീകരണം |
| 2 | വിത്ത് പാക്കിങ് |
| 3 | നഴ്സറി പരിപാലനം: നടീൽ മിശ്രിതം തയാറാക്കൽ, നടീൽ, നനക്കൽ |
| 4 | വിപണന സാമഗ്രികളുടെ സ്റ്റോക്കെടുക്കലും വിപണന കേന്ദ്രത്തിൽ തയാറാക്കലും |
| 5 | സൂക്ഷ്മ മൂലക മിശ്രിതമായ അയറിന്റെ ഉത്പാദനം |
| 6 | ജൈവ കീടനാശിനിയായ രക്ഷയുടെ ഉത്പാദനം |
| 7 | ഫിഷ് അമിനോ ആസിഡ്, എഗ്ഗ് അമിനോ ആസിഡ്, എൻറിച്ച്ഡ് ട്രൈക്കോഡെർമ, പുകയില കാഷായ കിറ്റ് എന്നിവയുടെ നിർമാണം |

തൊഴിലാളികൾ **8km**ചുറ്റളവിനുള്ളിൽ താമസിക്കുന്നവരായിരിക്കണം. സ്ഥാപനത്തിലെ ജോലികൾ സമയബന്ധിതമായി തീർക്കുന്നതിനായി മേൽ പ്രസ്താവിച്ച ജോലികൾ ചെയ്തു പരിചയമുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

ക്വട്ടേഷൻ നിബന്ധനകൾ

1. അവധി ദിവസങ്ങളുൾപ്പടെ നഴ്സറി പരിപാലനത്തിന് ആവശ്യാനുസരണം തൊഴിലാളികളെ സ്ഥാപന മേധാവിയുടെ നിർദ്ദേശാനുസരണം നൽകേണ്ടതാണ്.
2. പ്രവർത്തി ദിവസങ്ങളിൽ രാവിലെ 8 മണി മുതൽ വൈകിട്ട് 5 മണി വരെയുള്ള സമയങ്ങളിൽ 8 മണിക്കൂർ ആയിരിക്കും ജോലി സമയം.
3. ജോലിചെയ്യുന്ന ദിവസങ്ങളിലെ വേതനത്തിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.
4. ക്വട്ടേഷനുകൾ 23.01.2026 വെള്ളിയാഴ്ച ഉച്ചയ്ക്ക് 12.00 മണി വരെ സ്വീകരിക്കുന്നതായിരിക്കും.

ഒട്ടിച്ച് സീൽ ചെയ്ത കവറിനു മുകളിൽ കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിലേക്ക് വിവിധ ജോലികൾക്കായുള്ള ക്വട്ടേഷൻ എന്ന് എഴുതിയിരിക്കണം. ക്വട്ടേഷനുകൾ അസിസ്റ്റന്റ് പ്രൊഫസർ ആൻഡ് ഹെഡ്, കാർഷിക വിജ്ഞാന വിപണന കേന്ദ്രം, വേങ്ങേരി കോഴിക്കോട് എന്ന മേൽവിലാസത്തിൽ ലഭിച്ചിരിക്കണം. ലഭ്യമാകുന്ന ക്വട്ടേഷനുകൾ 23.01.2026 വെള്ളിയാഴ്ച **വൈകീട്ട് 3:00 മണിക്ക്** തൽസമയം സന്നിഹിതരാകുന്ന കരാറുകാരുടെ സാന്നിധ്യത്തിൽ **തുറക്കുന്നതും സ്വീകാര്യമായ ക്വട്ടേഷനുകൾ ഉറപ്പിച്ചു നൽകുന്നതുമായിരിക്കും.**

- ഏതെങ്കിലും കാരണവശാൽ മുകളിൽ പറഞ്ഞ തീയതി അവധി ദിവസം ആണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം മുകളിൽ പറഞ്ഞിരിക്കുന്ന സ്ഥലത്ത് അതേസമയത്ത് ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും.

- ക്വട്ടേഷനുകൾ യാതൊരു കാരണവും കാണിക്കാതെ നിരാകരിക്കാനുള്ള അധികാരം കാർഷിക വിജ്ഞാന വിപണന കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമായിരിക്കും.
- സർക്കാർ, സർവ്വകലാശാല ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.
- കരാറുകാരൻ/കരാറുകാരി നിലവിലുള്ള നിയമാനുസൃതമായ നികുതി അടക്കുവാൻ ബാധ്യസ്ഥനായിരിക്കും.
- തൊഴിലാളികളുടെ പ്രവർത്തന രീതി, സമയനിഷ്ഠ, സ്വഭാവം എന്നിവയിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിച്ചാൽ തൊഴിലാളികളെ പിരിച്ച് വിടുകയോ, ക്വട്ടേഷൻ റദ്ദാക്കുകയോ ചെയ്യുന്നതായിരിക്കും.
- കേന്ദ്രത്തിൽ ആവശ്യത്തിനനുസരിച്ച് തൊഴിലാളികളെ നൽകുന്നതിൽ വീഴ്ച വരുത്തുന്നതുൾപ്പെടെ മുകളിൽ പറഞ്ഞ നിബന്ധനകൾ ലംഘിക്കപ്പെടുകയാണെങ്കിൽ യാതൊരു മുന്നറിയിപ്പുമില്ലാതെ ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതായിരിക്കും.

അസിസ്റ്റന്റ് പ്രൊഫസർ ആന്റ് ഹെഡ്
കാർഷിക വിജ്ഞാന വിപണന കേന്ദ്രം,
വേങ്ങേരി

<u>സ്വീകർത്താവ്</u>

1. എ. ഐ. എസ്. സി. വേങ്ങേരി നോട്ടീസ് ബോർഡ്
2. മാർക്കറ്റ് സെക്രട്ടറി ഓഫീസിൻറെ നോട്ടീസ് ബോർഡ്
3. കെ എ യു വെബ് സൈറ്റ്